**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-ജീവനക്കാര്യം-ചെങ്ങന്നൂർ നഗരസഭ-അനധികൃത മതിൽ നിർമ്മാണം - നഗരസഭാ സെക്രട്ടറി ശ്രീ. എസ്.ജയകുമാറിനെതിരായ അച്ചടക്ക നടപടി- അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

======================================================================

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ (സാധാ) നം.2788/2019/തസ്വഭവ                    തിരുവനന്തപുരം,തീയതി, 07.12.2019

======================================================================

പരാമർശം:-
1. 13.05.2013 തീയതിയിലെ സ.ഉ. (സാധാ) നം. 1272/13/തസ്വഭവ
2. ചെങ്ങന്നൂർ നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിന് നൽകിയ 06.09.2013 തീയതിയിലെ 30677/ഇ.യു.1/13/തസ്വഭവ നമ്പർ കുറ്റപത്രം.
3. 25.10.2013 തീയതിയിലെ സ.ഉ(സാധാ) നം. 2631/13/തസ്വഭവ
4. കുറ്റപത്രത്തിന് ശ്രീ. എസ്. ജയകുമാർ സമർപ്പിച്ച 10.09.2013 തീയതിയിലെ പ്രതിവാദ പത്രിക.
5. നഗരകാര്യ ഡയറക്ടറുടെ 29.11.2018 തീയതിയിൽ അവസാനിക്കുന്ന V1/8518/2013 നമ്പർ കത്തിടപാടുകൾ.

**ഉത്തരവ്**

ചെങ്ങന്നൂർ ഗവൺമെന്റ് ബോയ്സ് ഹൈസ്ക്കൂൾ കോമ്പൗണ്ടിന്റെ 20.07 സ്ക്വയർ മീറ്റർ സ്ഥലം സ്വകാര്യ വ്യക്തിയ്ക്ക് ലഭിക്കത്തക്ക വിധത്തിൽ മതിൽ കെട്ടുവാൻ 28.09.2012 ൽ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തു. ഈ വർക്ക് Urgent എന്ന ഗണത്തിൽപ്പെടുത്തി 08.10.2012 ൽ പൂർത്തിയാക്കി. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ നിയമാനുസൃതമല്ലാത്ത ഈ നടപടി സ്റ്റേ ചെയ്തുകൊണ്ടും കേസ് മുനിസിപ്പാലിറ്റി ആക്ട്-സെക്ഷൻ 57(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ട്രൈബ്യൂണലിന് ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും 06.05.2013 ൽ

സ.ഉ(സാധാ) നം. 1222/13/LSGD നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചു. ഇതിനെതിരെ കേരളാ ഹൈക്കോടതിയിൽ രണ്ട് സിവിൽ റിട്ട് ഹർജികൾ നിലവിലുണ്ട്. (WP(C) No. 15159/13 & 16179/13).

കൗൺസിലിന്റെ നിയമാനുസൃതമല്ലാത്ത നടപടിയോട് വിയോജിക്കുകയോ, (കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 49(B) പ്രകാരം സർക്കാരിന് റെഫർ ചെയ്യുകയോ ചെയ്യാതെ സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ട് ലഭ്യമാക്കിയതിന് മുനിസിപ്പൽ സെക്രട്ടറി ശ്രീ. എസ്. ജയകുമാറിനെ പരാമർശം 1 പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. പരാമർശം 2 പ്രകാരം ടിയാന് കടുത്ത ശിക്ഷയുള്ള കുറ്റപത്രം നൽകി. 10.09.2013 ൽ ടിയാൻ കുറ്റപത്രത്തിന് പ്രതിവാദ പത്രിക സമർപ്പിച്ചു. പരാമർശം 3 പ്രകാരം ടിയാനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

2. ടി വിഷയത്തിന്മേൽ നഗരകാര്യ ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

ചെങ്ങന്നൂർ നഗരസഭയുടെ അധീനതയിലുള്ള ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിന്റെ വസ്തു സ്വകാര്യ വ്യക്തി കൈയ്യേറി, മതിൽ നിർമ്മിച്ചുവെന്ന പരാതിയിന്മേൽ സർക്കാർ വിശദമായ അന്വേഷണം നടത്തി മതിൽ പൊളിച്ചു നീക്കിയിരുന്നു.

28.09.2012-ലെ കൗൺസിൽ യോഗത്തിൽ മതിൽ പുനർനിർമ്മിക്കുവാൻ നിയമാനുസൃതം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതിനെതിരെ 9 കൗൺസിലർമാർ വിയോജിപ്പു രേഖപ്പെടുത്തിയിരുന്നു. മതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് തർക്കങ്ങളും കോടതി വ്യവഹാരങ്ങളും നിലനിൽക്കെ സെക്രട്ടറിയുടെ ഭാഗത്തു നിന്നും ടി കൗൺസിൽ തീരുമാനം പുനരവലോകനം ചെയ്യുന്നതിനോ സർക്കാരിലേക്ക് വിയോജനക്കുറിപ്പ് അയയ്ക്കുന്നതിനോ നടപടിയുണ്ടായില്ല. നഗരസഭയുടെ മുൻ ചെയർമാൻ ശ്രീ. രാജൻ കണ്ണാട്ട് ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ ഫയൽ ചെയ്തിരുന്ന കേസിൽ

നടപടി തുടർന്നുവരവെ മതിൽ നിർമ്മാണം വളരെ അടിയന്തിരമായി പൂർത്തിയാക്കിയിട്ടുള്ളത് ക്രമപ്രകാരമല്ല. ഈ കേസുൾപ്പെടെ ഇതുമായി ബന്ധപ്പെട്ട മറ്റു കേസുകളുടെ അന്തിമ വിധിക്കു വിധേയമായി വ്യക്തമായ അതിര് പുനർനിർണ്ണയിച്ച് മാത്രമായിരുന്നു മതിൽ നിർമ്മാണം നടത്തേണ്ടിയിരുന്നത്.

സ്കൂൾ വക സ്ഥലം കൈയ്യേറി മതിൽ നിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട 23.09.2012 നമ്പരായ കൗൺസിൽ തീരുമാനം എടുക്കുന്നതിന് അനുകൂലിച്ച 16 കൗൺസിലർമാരിൽ നിന്നും ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാരിൽ നിന്നും നഗരസഭയ്ക്ക് നഷ്ടമായ തുക തുല്യമായി വീതിച്ച് തിരികെ ഈടാക്കുന്നതിന് നഗരസഭയ്ക്ക് നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നതാണ്. ടി ഉത്തരവിനെതിരെ കൗൺസിലർമാരായ ശ്രീമതി. സുജാജോൺ മുതൽ 12 പേർ പെറ്റീഷണറായി ബഹു.ഹൈക്കോടതി മുമ്പാകെ WP(C)15159/13 നമ്പർ കേസും ശ്രീമതി ശോഭാവർഗ്ഗീസ് മുതൽ 4 പേർ പെറ്റീഷണറായി WP(C)16179/13 നമ്പർ കേസും ഫയൽ ചെയ്തിട്ടുള്ളതാണ്. തുടർനടപടികൾ സ്റ്റേ ചെയ്തുകൊണ്ട് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന WP(C)15159/13, 16179/13 എന്നീ കേസുകൾ 01.10.2014 -ന് ശേഷം വിചാരണയ്ക്ക് എടുത്തിട്ടില്ലാത്തതാണ്. സർക്കാർ ഉത്തരവിനെതിരെ കൗൺസിലർമാർ സ്റ്റേ വാങ്ങിയിട്ടുള്ള കേസുകളായതിനാൽ ടി കേസുകളിലെ സ്റ്റേ നീക്കം ചെയ്തു തുടർനടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതായിട്ടുണ്ട്"

3. ശ്രീ. എസ്. ജയകുമാറിനെതിരെ 1960-ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമാണ് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത് ആയതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് കൊല്ലം റീജിയണൽ

ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്) തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം (ബന്ധപ്പെട്ട രേഖകൾ സഹിതം)
ശ്രീ എസ്. ജയകുമാർ, മുനിസിപ്പൽ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ